"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ വകുപ്പ് - പ്ലാൻ ഫണ്ട് 2026-27 - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് (ഇംഹാൻസ്) - 'ഇംഹാൻസ് കെട്ടിടത്തിന്റെ ഓപ്പൺ ടെറസിനെ ഓഡിറ്റോറിയം ആക്കി രൂപപരിണാമം വരുത്തൽ' എന്ന പ്രവൃത്തി - സി.സി. 4 & പാർട്ട് ബിൽ തീർപ്പാക്കുന്നത് - തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1898/2026/H&FWD തീയതി,തിരുവനന്തപുരം, 04-06-2026

---

പരാമർശം:-

1. 12.03.2024 തീയതിയിലെ സ.ഉ.(സാധാ)നം.727/2024/ആ.കു.വ. ഉത്തരവ്
2. 26.02.2025 തീയതിയിലെ സ.ഉ.(സാധാ)നം.560/2025/ആ.കു.വ. ഉത്തരവ്
3. 11.06.2025 തീയതിയിലെ സ.ഉ.(സാധാ)നം.1627/2025/ആ.കു.വ. ഉത്തരവ്
4. 11.02.2026 തീയതിയിലെ സ.ഉ.(സാധാ)നം.596/2026/ആ.കു.വ.
5. കേരള പോലീസ് ഹൌസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 24.04.2026 തീയതിയിലെ പി.ഇ2/1334/കെ.പി.എച്ച്.സി.സി./2024 എന്ന നമ്പർ കത്ത്
6. ഇംഹാൻസ് ഡയറക്ടറുടെ 29.04.2026 തീയതിയിലെ 216/2024/ഇംഹാൻസ് എന്ന നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം 1 ഉത്തരവ് പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ഇംഹാൻസിൽ 'Remodeling the open terrace at IMHANS to an auditorium (ഇംഹാൻസ് കെട്ടിടത്തിന്റെ ഓപ്പൺ ടെറസിനെ ഓഡിറ്റോറിയം ആക്കി രൂപപരിണാമം വരുത്തൽ)' എന്ന പ്രവൃത്തിക്കായി പ്ലാൻ ഫണ്ടിനു കീഴിൽ 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവർത്തി ചെയ്യുന്നതിന് കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്-ന് വർക്ക് ഓർഡർ നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണെന്ന് ഇംഹാൻസ് ഡയറക്ടർ അറിയിച്ചിരുന്നു. പരാമർശം (2), (3), (4) എന്നീ ഉത്തരവുകൾ പ്രകാരം 'Remodeling the open terrace at IMHANS to an auditorium' എന്ന പ്രവൃത്തി ഭാഗികമായി പൂർത്തിയാക്കി പാർട്ട് ബില്ലുകൾ സമർപ്പിച്ച മുറയ്ക്ക് ആകെ ₹39,93,909/- (മുപ്പത്തിയൊൻപതു ലക്ഷത്തി തൊണ്ണൂറ്റി

മൂന്നായിരത്തി തൊള്ളായിരത്തി ഒൻപത് രൂപ മാത്രം) അനുവദിച്ചിരുന്നു. പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചതായും ഇംഹാൻസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പരാമർശം (5)ലെ കത്ത് പ്രകാരം കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ₹24,64,634/- രൂപയുടെ സിസി-4 & പാർട്ട് ബിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതായി പരാമർശം (6)ലെ കത്ത് പ്രകാരം ഇംഹാൻസ് ഡയറക്ടർ അറിയിച്ചിരുന്നു. ആയതിനാൽ 'Remodeling the open terrace at IMHANS to an auditorium' എന്ന പ്രവൃത്തിക്ക് ഭരണാനുമതി തുകയിൽ ബാക്കിയുള്ള ₹60,06,091/- രൂപയിൽ നിന്നും ബിൽ തുകയായ ₹24,64,634/- (ഇരുപത്തിനാല് ലക്ഷത്തി അറുപത്തിനാലായിരത്തി അറുനൂറ്റി മുപ്പത്തിനാല് രൂപ മാത്രം) '2210-05-200-95-35 (പ്ലാൻ)' ശീർഷകത്തിൽ നിന്നും അനുവദിക്കാൻ ഇംഹാൻസ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'Remodeling the open terrace at IMHANS to an auditorium' എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ലഭ്യമാക്കിയ സി.സി. 4 & പാർട്ട് ബിൽ തീർപ്പാക്കുന്നതിനായി **₹24,64,634/- രൂപ (ഇരുപത്തിനാല് ലക്ഷത്തി അറുപത്തിനാലായിരത്തി അറുനൂറ്റി മുപ്പത്തിനാല് രൂപ മാത്രം) '2210-05-200-95-35 (പ്ലാൻ)'** ശീർഷകത്തിൽ നിന്നും ഇംഹാൻസിന് റിലീസ് ചെയ്തു നൽകിക്കൊണ്ട് ഉത്തരവാകുന്നു.

3. തുക കൈമാറുന്നതിനു മുൻപായി ബില്ലുകളുടെ കൃത്യത ഇംഹാൻസ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ (ഇൻ ചാർജ്ജ്), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് (ഇംഹാൻസ്), കോഴിക്കോട്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് -എ) വകുപ്പ് (അഭിപ്രായം നം.2743471/എച്ച്.എൽ.റ്റി.-എ3/54/2024-ധന തീയതി 02.06.2026 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/142/2023-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
സെക്ഷൻ ഓഫീസർ
Date: 05-06-2026 10:49:44